ഉത്തരം

(എ)-(ജി) വിവരം ശേഖരിച്ചു വരുന്നു.

16 (430) മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) മത്സ്യ തൊഴിലാളിക്ഷേമനിധി ബോർഡ് മുഖേന ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്;

(സി) മത്സ്യ തൊഴിലാളികളുടെ കുട്ടികളുടെ ഉപരിപഠനത്തിനായി ഇപ്പോൾ എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു;

(ഡി) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ വഴി നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി)&(ഡി) മത്സ്യഫെഡ് നൽകുന്ന സഹായം

കേന്ദ്ര മത്സ്യ ഗവേഷണ പരിശീലന സ്ഥാപനമായ കൊച്ചിയിലെ സീഫ്നിറ്റിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നുള്ള 4 വിദ്യാർത്ഥികളെ വീതം ഓരോ വർഷവും എൻജിൻ ഡ്രൈവർ, ഫിഷിംഗ് വെസ്സൽ മെയ്റ്റ് എന്നീ കോഴ്സുകൾക്ക് എല്ലാ ചെലവുകളും നൽകി സ്പോൺസർ ചെയ്യുന്നുണ്ട്.

ക്ഷേമനിധി ബോർഡ് നൽകുന്ന സഹായം

എസ്.എസ്.എൽ.സി. പരീക്ഷയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പഠനം തുടരുന്നതിന് രണ്ട് അദ്ധ്യായന വർഷത്തേക്ക് പ്രതിമാസം 100 രൂപ വീതം നൽകുന്നു.

സംസ്ഥാനത്ത് മൂന്ന് യൂണിവേഴ്സിറ്റികളിൽ നടത്തുന്ന പ്രീഡിഗ്രി പരീക്ഷയിൽ ഓരോ ഗ്രൂപ്പിലും ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്കും, ബോർഡ് ഓഫ് ഹയർ സെക്കണ്ടറി (+2) പരീക്ഷയിൽ ഓരോ ഗ്രൂപ്പിലും ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ മേഖലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്കും 3000/- രൂപ വീതം കാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും നൽകുന്നു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ മൊത്തം 15 വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നു.

ഫിഷറീസ് വകുപ്പ് നൽകുന്ന സഹായം

കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ഇൻഡസ്ട്രിയൽ ഫിഷറീസ് കോഴ്സിലേക്കായി ഓരോ വർഷവും 3 സീറ്റുകൾ മത്സ്യത്തൊഴിലാളി കുട്ടി

† അനുബന്ധം 9
1018/2010.

LIBRARY ARCHIVES Kerala Legislative Assembly

കൾക്കായി സംവരണം ചെയ്തു ഫിഷറീസ് വകുപ്പു മുഖേന നൽകി വരുന്നു. കൂടാതെ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഫിഷറീസ് സയൻസ് കോഴ്സിലേക്കായി വർഷംതോറും ആറു സീറ്റുകൾ മത്സ്യത്തൊഴിലാളി കുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്.

പ്രീ മെട്രിക്ക്, പോസ്റ്റ് മെട്രിക്ക്, പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകൾക്ക് പഠിക്കുന്ന മത്സ്യത്തൊഴിലാളി കുട്ടികൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന നിരക്കിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകി വരുന്നു.

17 (431) മാനവീയം പരിപാടി

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനവീയം പരിപാടി എന്നാണ് ആരംഭിച്ചത്;

(ബി) എവിടെയെല്ലാം വച്ച് അതിന്റെ പ്രാരംഭം കുറിച്ചു;

(സി) പ്രാരംഭം കുറിച്ച ഓരോ സ്ഥലത്തും ഏതെല്ലാം മന്ത്രിമാർ സന്നിഹിതരായിരുന്നു;

(ഡി) പ്രാരംഭം കുറിച്ച ദിവസത്തെ ചെലവ് എത്രയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 1.11.99-ൽ ആരംഭിച്ചു.

(ബി) തിരുവനന്തപുരത്തും എല്ലാ ജില്ലകളിലും പ്രാരംഭം കുറിച്ചു.

(സി) തിരുവനന്തപുരത്ത്, മുഖ്യമന്ത്രിയും സാംസ്ക്കാരികകാര്യ വകുപ്പുമന്ത്രിയും പങ്കെടുത്തു.

തൃശ്ശൂർ - കൃഷി വകുപ്പുമന്ത്രി
പാലക്കാട് - ധനകാര്യ വകുപ്പുമന്ത്രി
- റവന്യൂ വകുപ്പുമന്ത്രി
കണ്ണൂർ - ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി

(ഡി) തിരുവനന്തപുരത്ത് നടന്ന കേളികൊട്ട് പരിപാടികൾക്ക് മാത്രമാണ് മാനവീയം ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചത്. ചിലവായ തുക 5,44,324.60 രൂപ (അഞ്ചുലക്ഷത്തി നാൽപ്പത്തി നാലായിരത്തി മുന്നൂറ്റി ഇരുപത്തിനാല് രൂപ അറുപത് പൈസ മാത്രം).

18 (432) മാനവീയം പരിപാടി

<u>ശ്രീ. കെ. ബാബു</u> :

<u>ശ്രീ. വി. ബാലറാം</u> :

<u>ശ്രീ. ബി. വിജയകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനവീയത്തിന്റെ പ്രാരംഭ ദിനത്തോടനുബന്ധിച്ച് പരിപാടികൾക്ക് സംസ്ഥാനത്തൊട്ടാകെ എന്ത് ചെലവ് വന്നു;

(ബി) മാനവീയത്തിന്റെ കേളികൊട്ട് എത്ര കേന്ദ്രങ്ങളിൽ നടന്നു; അതിനുവേണ്ടി എന്ത് ചെലവ് വന്നു;

LIBRARY ARCHIVES Kerala Legislative Assembly